ഉത്തരം

(എ) പ്രസ്തുത റോഡിന്റെ മെറ്റലിംഗ് വരെയുള്ള പണികൾ പൂർത്തിയായി.

(ബി) ടാറിംഗ് പണി കൂടി തീരുവാനുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

നെടുമങ്ങാട്-മഞ്ച-അരുവിക്കര റോഡിന്റെ ശോചനീയാവസ്ഥ

159 (3036) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നെടുമങ്ങാട്-മഞ്ച-അരുവിക്കര റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാണ് ഈ റോഡ് അവസാനമായി ടാർ ചെയ്തത് ;

(സി) ഈ റോഡ് അടിയന്തിരമായി ടാർ ചെയ്ത് ഉപയോഗയോഗ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തുവർഷം മുൻപാണ് ടാർ ചെയ്തത്.

(സി) പ്രസ്തുത റോഡ് ടാർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരിയിൽ റസ്റ്റ് ഹൗസ്

160 (3037) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിൽ റസ്റ്റ് ഹൗസ് പണിയുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് ;

(ബി) 1999-2000-വർഷത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എന്തു തുക വകക്കൊള്ളിച്ചിരുന്നു ;

(സി) ബഡ്ജറ്റിൽ നീക്കി വച്ച തുക മുഴുവനും ചെലവാക്കിയോ ;

(ഡി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മഞ്ചേരിയിൽ റസ്റ്റ് ഹൗസിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് 20-10-1995-ൽ ഭരണാനുമതിയും 4-3-1998-ൽ പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 5,59,000 രൂപ.

(സി & ഡി) 5,45,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി ലഭ്യമായിട്ടുള്ള തുകയും നടപ്പ് വർഷം (1999-2000) ചെലവാക്കുന്നതാണ്.

(ഇ) 6 മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ടോൾ ഏർപ്പെടുത്തിയിട്ടുള്ള പാലങ്ങൾ

161 (3038) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു കോടി രൂപയ്ക്കുമേൽ നിർമ്മാണ ചെലവ് വരുന്ന പാലങ്ങൾക്കുമാത്രമായി ടോൾ പിരിവ് പരിമിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ നിലവിലുള്ള പരിധി തുക ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. താമസിയാതെ തീരുമാനമെടുക്കുന്നതാണ്. എന്നാൽ നാഷണൽ ഹൈവേയിൽ 1976 ഏപ്രിൽ മുതൽ നിർമ്മാണ ചെലവ് ഒരു കോടി രൂപയ്ക്കുമേലുള്ള പാലങ്ങൾക്കു മാത്രമേ ടോൾ ഏർപ്പെടുത്താറുള്ളൂ.

കോഴിക്കോട് നേഴ്സസ് ഹോസ്റ്റലിന്റെ നിർമ്മാണം

162 (3039) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നേഴ്സസ് ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നേഴ്സസ് ഹോസ്റ്റലിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly